## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1357** — **03.12.2018 -ൽ മറുപടിക്ക്**

### സമഗ്ര ശിക്ഷാ അഭിയാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | പ്രൊഫ : സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സമഗ്ര ശിക്ഷാ അഭിയാൻ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | കേന്ദ്രാ വിഷ് കൃത പദ്ധതികളായിരുന്ന സർവ്വ ശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ , ടീച്ചർ എഡ്യൂക്കേഷൻ പദ്ധതികൾ സംയോജിപ്പിച്ച് 'സമഗ്ര ശിക്ഷാ' കേരളം എന്ന പുതിയ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി നിലവിലുണ്ടായിരുന്ന രണ്ടു സൊസൈറ്റികൾ പിരിച്ചുവിടുകയും പുതിയ പദ്ധതിക്കായി സ് കൂൾ എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി എന്ന പേരിലുള്ള ഒരു പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ പുതിയ സൊസൈറ്റിയുടെ രജിസ് ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. കൂടാതെ ഗവേർണിംഗ് കൗൺസിലിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ഉത്തരവായിട്ടുമുണ്ട്. |
| ബി | പ്രസ്തുത പദ്ധതിക്കായി ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും, പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | ബി) | രജിസ് ട്രേഷൻ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ അടുത്ത നടപടി എന്ന നിലയിൽ ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള ഗവേർണിംഗ് കൗൺസിൽ യോഗം ചേർന്ന് സമഗ്ര ശിക്ഷ - കേരളം പദ്ധതിയുടെ സംസ്ഥാന, ജില്ലാ , ബി.ആർ.സി , സി.ആർ.സി തലങ്ങളുടെ ഘടനയും തുടർപ്രവർത്തനങ്ങളും തീരുമാനിക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ